എന്നതു്. ഇതിൽനിന്നു്, ചിത്രരൂപത്തിലും രാമായണകഥ ജപ്പാനിൽ പ്രചരിച്ചിരുന്നു എന്നു് ഊഹിക്കാം.

വാല്മീകിരാമായണത്തിന്റെ പൂർണ്ണമായ ചീനഭാഷാ വിവർത്തനം ഭാരതീയ സംസ്കാരത്തെപ്പററി ആഴത്തിൽ മനസ്സിലാക്കുവാൻ ചീനക്കാരെ സഹായിക്കാതിരിക്കുകയില്ല. ഏഷ്യയിൽ സമാധാനവും പുരോഗതിയും, ചൈനയും ഇന്ത്യയും തമ്മിലുള്ള സമാധാനപൂർണമായ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഈ രണ്ടു രാജ്യങ്ങളിലെ ജനതകൾക്കു പരസ്പരം അറിയാനും ആദരിക്കുവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഏതു യത്നവും അത്യന്തം സ്വാഗതാർഹമാകുന്നു. പ്രാചീന ഭാരതീയ സംസ്കാരത്തിൽ കമ്യൂണിസ്റ്റ് ചൈന പ്രദർശിപ്പിക്കുന്ന താല്പര്യം നമ്മുടെ ശ്രദ്ധ പ്രത്യേകിച്ചും ആകർഷിക്കേണ്ടതാണ്. പാരമ്പര്യത്തിൽനിന്നുള്ള സമ്പൂർണമായ ബന്ധവിച്ഛേദം ഏതു വിപ്ലവത്തിലും ആവശ്യമോ സാധ്യമോ ആശാസ്യമോ അല്ലെന്ന പാഠമാണ് ചീനഭാഷയിലുള്ള ഈ രാമായണവിവർത്തനം നമുക്കു നൽകുന്നതു്.

(12 ഡിസംബർ, 1984)

## 12. പണക്കാരുടെ 'ശിഖരം'

ധനികങ്ങളെന്നും ദരിദ്രങ്ങളെന്നും ലോകരാഷ്ട്രങ്ങൾ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ധനികരാഷ്ട്രങ്ങളിൽ അധികവും ഭൂമദ്ധ്യരേഖയ്ക്കു വടക്കാകയാൽ അവയെ 'ഉത്തരരാഷ്ട്രങ്ങൾ' (നോർത്ത്) എന്നും, ദരിദ്രരാഷ്ട്രങ്ങളിൽ അധികവും ഭൂമദ്ധ്യരേഖയ്ക്കടുത്തോ അതിനു തെക്കോ ആകയാൽ അവയെ 'ദക്ഷിണരാഷ്ട്രങ്ങൾ' (സൗത്ത്) എന്നും വിളിച്ചുവരുന്നു. ഉത്തരരാഷ്ട്രങ്ങൾ യന്ത്രവൽകൃത—വ്യവസായ പ്രധാനങ്ങളാണ്. അവയിൽ ജനസംഖ്യ കുറവും; വിഭവങ്ങളാണെങ്കിൽ ധാരാളം. ദക്ഷിണരാഷ്ട്രങ്ങൾ കൃഷിപ്രധാനങ്ങളും വിഭവദരിദ്രങ്ങളും ആൾപ്പെരുപ്പംകൊണ്ടു വിഷമിക്കുന്നവയുമാണ്. ഇന്നത്തെ ലോകസമ്പദ്വ്യവസ്ഥിതി (മുതലാളിത്തവും സോഷ്യലിസവും) ആസൂത്രണംചെയ്യുന്നതും നിലനിർത്തുന്നതും ഉത്തരരാഷ്ട്രങ്ങൾ ആകുന്നു. സെക്യൂരിററി കൗൺസിലിൽ വീറേറാ അധികാരം പുലർത്തുകവഴി ഈ രാഷ്ട്രങ്ങൾ ഐക്യരാഷ്ട്രസമിതിയെ തങ്ങളുടെ ചൊല്പടിക്കു നിർത്തുന്നു. ഐക്യരാഷ്ട്രസമിതിയുടെ ജനറൽ അസംബ്ലിയിൽ പേരിനു് ഭൂരിപക്ഷമുണ്ടെങ്കിലും ദക്ഷിണരാഷ്ട്രങ്ങൾ നിസ്സഹായങ്ങളാണ്. ഉത്തരരാഷ്ട്രങ്ങൾ കനിഞ്ഞു നൽകുന്നതു വാങ്ങുവാനല്ലാതെ, തങ്ങൾക്കാവശ്യമുള്ളതു കടന്നെടുക്കാൻ ദക്ഷിണരാഷ്ട്രങ്ങൾക്കു കരുത്തില്ല.

സംഘടിച്ചു് ശക്തരാവുന്നതിനുള്ള ദക്ഷിണരാഷ്ട്രങ്ങളുടെ ദുർബല പ്രയത്നത്തിന്റെ ഫലമാണ് ചേരിചേരാപ്രസ്ഥാനം. ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായി ലോകസമ്പദ്ഘടന തകർച്ചയിലേക്കു നീങ്ങിയപ്പോൾ, ഏററവുമധികം കഷ്ടപ്പെട്ടതു് ദക്ഷിണരാഷ്ട്രങ്ങളായിരുന്നു. കാർഷികവിഭവങ്ങൾക്കു ലോകകമ്പോളത്തിൽ വില കുത്തനെ ഇടിഞ്ഞു; എണ്ണവില റോക്കററുപോലെ ഉയർന്നു. ധനികരാഷ്ട്രങ്ങൾ ലോകവ്യാപാരത്തിൽ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തി. തൊഴിലില്ലായ്മ വ്യാപകമായി. ഇതുനിമിത്തം സ്വതേ ദരിദ്രങ്ങളായിരുന്ന ദക്ഷിണരാഷ്ട്രങ്ങൾ ദരിദ്രതരങ്ങളായി. അവയും സമ്പന്നരാഷ്ട്രങ്ങൾക്കുമിടയിലുള്ള കിടങ്ങു് ഇനി ഒരിക്കലും നികത്താനാവാത്തവിധത്തിൽ ആഴവും പരപ്പും

ഏറിയതായിത്തീർന്നു. ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരം കാണുന്നതിനു വേണ്ടി, ഉത്തര(ധനിക) രാഷ്ട്രങ്ങളും ദക്ഷിണ(ദരിദ്ര)രാഷ്ട്രങ്ങളും തമ്മിൽ ഒരു 'സംവാദം' നടത്തണമെന്ന് ചേരിചേരാ പ്രസ്ഥാനം ഏതാനും വർഷങ്ങളായി ആവശ്യപ്പെട്ടുവരികയാണ്.

ഉത്തരരാഷ്ട്രങ്ങൾക്കിടയിൽത്തന്നെ രണ്ടു ചേരികളുണ്ട്. അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്തച്ചേരിയും, സോവിയററ് യൂണിയന്റെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ്ചേരിയും. ഇവയിൽ കൂടുതൽ സമ്പന്നവും സുശക്തവും അമേരിക്കൻ ചേരിയാണ്. ദക്ഷിണരാഷ്ട്രങ്ങൾ ആവശ്യപ്പെടുന്നതരത്തിലുള്ള ഒരു ധനിക—ദരിദ്ര—സംവാദത്തിന്ന് അമേരിക്കൻ ചേരി മൊത്തത്തിൽ എതിരാണ്. സോവിയററ്ചേരി മൊത്തത്തിൽ, ദക്ഷിണരാഷ്ട്രങ്ങളുടെ ആവശ്യത്തെ പിൻതാങ്ങുന്നുണ്ട്. എങ്കിലും, ദക്ഷിണരാഷ്ട്രങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ തനിയെ നിറവേററുന്നതിനുള്ള വിഭവശേഷിയോ സന്നദ്ധതയോ സോവിയററ് ചേരിക്കില്ല.

അമേരിക്കൻചേരിയിൽ ചേർന്ന സമ്പന്ന രാഷ്ട്രങ്ങൾ 1975 മുതൽ ആണ്ടുതോറും സമ്മേളിച്ച് ലോകസമ്പദ്‌വ്യവസ്ഥയെ വിലയിരുത്തുകയും തങ്ങൾക്ക് അനുകൂലമായ സാമ്പത്തിക തന്ത്രങ്ങൾ കൂട്ടായി രൂപവല്ക്കരിക്കുകയും ചെയ്തുവരുന്നുണ്ട്. ഈ ജൂൺ രണ്ടാമത്തെ ആഴ്ചയിൽ ലണ്ടനിൽ ഈ രാഷ്ട്രങ്ങളുടെ തലവന്മാർ സമ്മേളിക്കുകയുണ്ടായി. 'സമ്പന്ന രാഷ്ട്രങ്ങളുടെ പത്താമത്തെ സാമ്പത്തിക ശിഖരം' (ഇക്കണോമിക് സമ്മിററ്) എന്നറിയപ്പെട്ട ഈ സമ്മേളനത്തിൽ അമേരിക്കൻ പ്രസിഡണ്ട് റെയ്ഗൻ, കാനഡയിലെ മുഖ്യമന്ത്രി ട്രൂഡോ, ഫ്രഞ്ച് പ്രസിഡണ്ട മിത്തെറാങ്ങ്, ബ്രിട്ടീഷ് പ്രധാനമന്ത്രി മിസ്സിസ് താച്ചർ, പടിഞ്ഞാറൻ ജർമനിയിലെ ചാൻസലർ കോൾ, ഇററലിയിലെ പ്രധാനമന്ത്രി ക്രാക്സി, ജപ്പാനിലെ പ്രധാനമന്ത്രി നകാസോണേ എന്നിവർ സന്നിഹിതരായിരുന്നു. മിസ്സിസ് താച്ചർ ആയിരുന്നു സ്വാഭാവികമായും ആതിഥേയിയും സമ്മേളനാദ്ധ്യക്ഷയും. മൂവായിരം പത്രപ്രവർത്തകർ റിപ്പോർട്ടു ചെയ്ത ഈ ശിഖരസമ്മേളനത്തിനു ലോകപത്രങ്ങൾ വലിയ പ്രാധാന്യം നൽകുകയുണ്ടായി. ദരിദ്രരാജ്യങ്ങളുമായി കൂട്ടുചേർന്നുള്ള (മൾട്ടിലാററൽ) ഒരു സംവാദത്തിനു തങ്ങൾ ഒരുങ്ങേണ്ടതില്ലെന്നും അവ ഒററയ്ക്കൊററയ്ക്കു തങ്ങളുടെ പ്രശ്നങ്ങൾ ധനികരാഷ്ട്രങ്ങളുമായോ ഐക്യരാഷ്ട്രസമിതിയുടെ നിയന്ത്രണത്തിലുള്ള ലോകബാങ്കുമായോ സ്വകാര്യബാങ്കുകളുമായോ ചർച്ചചെയ്തുകൊള്ളട്ടെ എന്നുമായിരുന്നു ശിഖരസമ്മേളനത്തിലൂടെ ധനികരാഷ്ട്രങ്ങൾ രൂപവല്ക്കരിച്ച ലോകസാമ്പത്തിക നയം.

ധനികരാഷ്ട്രങ്ങൾ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് മോചനം നേടിക്കൊണ്ടിരിക്കുകയാണ്. ലെബനോനിലും, ഗൾഫ് പ്രദേശത്തും, അഫ്ഘാനിസ്ഥാനിലും, ദക്ഷിണപൂർവേഷ്യയിലും നിലനിന്നു വരുന്ന സംഘർഷങ്ങളുടെ ഫലമായി ദരിദ്രരാഷ്ട്രങ്ങൾക്ക്, പ്രത്യേകിച്ച് എണ്ണപ്പണം കിട്ടിക്കൊണ്ടിരിക്കുന്ന അവികസിതരാഷ്ട്രങ്ങൾക്ക് വലിയ തോതിൽ ആയുധങ്ങൾ ആവശ്യമുണ്ട്. ഈ ആയുധങ്ങൾ നിർമിച്ചു വില്ക്കുകയാണ് സാമ്പത്തിക മാന്ദ്യത്തിൽനിന്നു കരകയറാൻ സമ്പന്നരാജ്യങ്ങൾ അവലംബിച്ചുവരുന്ന താല്ക്കാലികോപായം. ഇതോടൊപ്പം അവർ ദരിദ്രരാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി പരമാവധി നിരുത്സാഹപ്പെടുത്തുകയും, തങ്ങളുടെ നാടുകളിൽ കുടിയേറിപ്പാർത്ത വിദേശീയരായ തൊഴിലാളികളെ വൻതോതിൽ തിരിച്ചയയ്ക്കുകയുംചെയ്യുന്നു.

ധനികരാഷ്ട്രങ്ങളിൽത്തന്നെ അമേരിക്കയുടെ സാമ്പത്തികനയങ്ങൾക്ക് എതിരാണു മററെല്ലാ രാഷ്ട്രങ്ങളും. ആയുധ—സൈനിക ചെലവ് വർദ്ധിപ്പിക്കുകയും, അതേസമയം നികുതികൾ കുറയ്ക്കുകയുമെന്നതാണ് പ്രസിഡണ്ട് റെയ്ഗന്റെ സാമ്പത്തികസിദ്ധാന്തം. വർദ്ധിച്ച

സൈനിക ചെലവുകൾക്കുവേണ്ടി അമേരിക്കൻഗവൺമെൻറ് വൻതോതിൽ കടമെടുക്കുന്നു. ഇതിൻഫലമായി അമേരിക്കൻ ബാങ്കുകളുടെ പലിശനിരക്ക് ഉയരുന്നു. ഇതോടെ അമേരിക്കൻ ഡോളറിന് ലോകവിപണിയിൽ പ്രിയം ഏറുന്നു. മററ് എല്ലാ കറൻസികളുടെയും വില, ഡോളറിനെ അപേക്ഷിച്ച് ഇടിയുന്നു. അമേരിക്കയുമായി ഇടപെടുന്ന എല്ലാവർക്കും കഠിനമായ നഷ്ടം ഇതുമൂലം സംഭവിക്കുന്നു. അതിനാൽ, അമേരിക്കയുടെ കമ്മിബജററുകളെ മററു സമ്പന്നരാജ്യങ്ങൾ, പ്രത്യേകിച്ച്, ഫ്രാൻസും പടിഞ്ഞാറെ ജർമനിയും, ശക്തിയായി വിമർശിക്കുന്നുണ്ട്. പക്ഷേ, ലണ്ടൻ ശിഖരസമ്മേളനത്തിൽ ഈ പ്രശ്നം, അദ്ധ്യക്ഷയായ മിസ്സിസ് താച്ചറുടെ പരിശ്രമത്തിൻഫലമായി, ചർച്ചചെയ്യാനെടുക്കുകയുണ്ടായില്ലത്രെ.

ദരിദ്രരാഷ്ട്രങ്ങളുടെ ദുർവഹമായ കടബാദ്ധ്യത ആണ് ധനികരാഷ്ട്രങ്ങളുടെ വലിയ ഒരു തലവേദന. അണുബോംബിനെപ്പോലെ ഈ 'കടബോംബും' ലോകമനസ്സ്വാസ്ഥ്യം നശിപ്പിച്ചുതുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി. ദരിദ്രരാഷ്ട്രങ്ങളുടെ അന്താരാഷ്ട്രീയകടം ഇപ്പോൾ എഴുനൂറു ബില്യൺ ഡോളർ (ഏഴുലക്ഷംകോടി രൂപ) വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ പകുതിയിലേറെ കടം വാങ്ങിയിട്ടുള്ളതു് ചില ലാററിനമേരിക്കൻ രാജ്യങ്ങൾ, ഇൻഡോനേഷ്യ, ഫിലിപ്പൈൻസ്, തുർക്കി, അൾജീറിയ, മലേഷ്യ, നൈജീരിയ എന്നിവയാണ്. കൂടുതൽ കടവും കൊടുത്തിട്ടുള്ളതാകട്ടെ, അമേരിക്കയിലെയും ബ്രിട്ടനിലെയും പതിമൂന്ന് ബാങ്കുകളാകുന്നു. കടത്തിൻെറ പലിശയും മുതലിൻെറ വിഹിതവും തിരിച്ചടയ്ക്കുന്നതിന് ഏതെങ്കിലും രാഷ്ട്രം വീഴ്ചവരുത്തിയാൽ ലോക-മുതലാളിത്ത-സമ്പദ്‌വ്യവസ്ഥിതിയുടെ നട്ടെല്ലൊടിയാൻ അതു കാരണമായേക്കാം. കടം നിശ്ചിതാവധികളിൽ തിരിച്ചടയ്ക്കാൻ തങ്ങൾക്കു കഴിയുകയില്ലെന്ന് ഏതാനും ലാററിനമേരിക്കൻരാഷ്ട്രങ്ങൾ ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. തങ്ങളുടെ മേലുള്ള കടഭാരം കുറയ്ക്കാൻ നടപടികളെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അർജൻറീന, ബ്രസീൽ, കൊളംബിയ, ഇക്വഡോർ, മെക്സിക്കോ, പെറു എന്നീ രാജ്യങ്ങളിലെ പ്രസിഡണ്ടുമാർ ശിഖരസമ്മേളനത്തിന് എഴുതുകയുണ്ടായി. എന്നാൽ, ശിഖരസമ്മേളനം തീരുമാനിച്ചതു്, കടം വാങ്ങിയ ഓരോ ഗവൺമെൻറും, തങ്ങൾക്കു കടം നൽകിയ ബാങ്കുകളുമായി ഒററയ്ക്കൊററയ്ക്കു നേരിട്ടു കൂടിയാലോചനകൾ നടത്തണമെന്നാണ്. പലിശയും മുതലും തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കുന്നതിന് (റീ-ഷെഡ്യൂളിങ്ങിന്) ബാങ്കുകളെ 'ശിഖര'രാജ്യങ്ങൾ പ്രേരിപ്പിക്കുന്നതാണ്. 1985 മുതൽ 1988 വരെ മെക്സിക്കോ തിരിച്ചടയ്ക്കേണ്ട നാല്പതിനായിരം കോടി രൂപ കടത്തിന് ബാങ്കുകൾ ഇതിനകം അവധി നീട്ടിക്കൊടുത്തിട്ടുമുണ്ട്.

1988 മുതലെങ്കിലും 'കടബോംബ്' ഇന്ത്യയ്ക്കും ഒരു ഭീഷണിയാകുമെന്നു പറയപ്പെടുന്നു. പലിശ ഈട്ടം കൂടുകനിമിത്തം, അപ്പോഴേക്കു്, നമ്മുടെ ആണ്ടുതോറുമുള്ള കയററുമതിയുടെ വലിയ ഒരു ഭാഗം പലിശയിനത്തിലേക്കു വകയിരുത്തേണ്ടിവരുമത്രേ. ഇന്ത്യയുടെ വിദേശക്കടം കൂടുതലും പലിശ കുറവായ ലോകബാങ്കിൽനിന്നും മററുമാണ് എന്നതാണ് ഒരാശ്വാസം.

ഇറാൻ—ഇറാക്ക് യുദ്ധം മൂർച്ഛിച്ച് ഗൾഫിൽനിന്നുള്ള എണ്ണക്കയററുമതി നിലച്ചാൽ ഏററവും അധികം കഷ്ടപ്പെടുക ജപ്പാൻ ആയിരിക്കും. ഇങ്ങനെയൊരു പ്രതിസന്ധിയുണ്ടാവുന്നപക്ഷം, ആവശ്യമുള്ള സുഹൃദ്‌രാഷ്ട്രങ്ങൾക്കു തങ്ങളുടെ കരുതിവെപ്പിൽനിന്ന് എണ്ണ കൊടുക്കാമെന്ന് ശിഖരസമ്മേളനത്തിൽ റെയ്ഗൻ പ്രഖ്യാപിക്കുകയുണ്ടായി.

ലോകബ്ബാങ്ക്, അതിന്റെ കീഴിലുള്ള അന്താരാഷ്ട്രീയവികസന സഹായസംഘടന (ഐ. ഡി. എ.) എന്നിവയ്ക്കുള്ള ഓഹരിയും സഹായവും മുതലാളിത്തരാഷ്ട്രങ്ങരം, പ്രത്യേകിച്ച് അമേരിക്ക, കുറച്ചുകൊണ്ടുവരികയാണ്. ഈ കുറവു നികത്തുക മാത്രമല്ല വർദ്ധിപ്പിക്കുകകൂടിവേണമെന്ന ദരിദ്രരാഷ്ട്രങ്ങളുടെ വാദം വിലപ്പോയിട്ടില്ല. ഈ സ്ഥാപനങ്ങളിൽനിന്നു സഹായം സ്വീകരിക്കുന്നവർ പല വ്യവസ്ഥകളും സ്വീകരിക്കേണ്ടതുണ്ട്. സ്വന്തം നാണയത്തിന്റെ വിലയിടിക്കുക, രാജ്യത്തിനുള്ളിലെ വൃദ്ധിനിരക്കു കുറയ്ക്കുക, വികസിതരാജ്യങ്ങളിൽനിന്നു കൂടുതൽ വിലയ്ക്കു സാധനങ്ങളും സേവനങ്ങളും ഇറക്കുമതി ചെയ്യുക മുതലായവ ഈ വ്യവസ്ഥകളിൽ ഉരംപ്പെടുന്നു. കടം നൽകുന്ന ധനികരാഷ്ട്രങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനാണ് ഈ വ്യവസ്ഥകരം എന്നു പ്രകടമാണല്ലോ.

ലണ്ടൻ ശിഖരസമ്മേളനംകൊണ്ട് എന്തു നേട്ടമുണ്ടായി? സോവിയററ് പത്രമായ പ്രാവ്ദ എഴുതി: 'ഒരു രോഗിയുടെ കട്ടിലിനു ചുററും നിന്ന് ഡോക്ടർമാർ നടത്തുന്ന ചർച്ചപോലെയായിരുന്നു, ലണ്ടൻ ശിഖരസമ്മേളനം. (മുതലാളിത്തസമ്പദ്ഘടനയാണ് രോഗി—ലേ.) രോഗം എന്താണെന്ന കാര്യത്തിൽ എല്ലാവരും ഒരേ അഭിപ്രായക്കാരായിരുന്നു. ചികിത്സയെപ്പററി വാദപ്രതിവാദങ്ങരം നടന്നു. രോഗം മൂർച്ഛിക്കുമോ എന്ന ആശങ്ക പ്രകടിപ്പിക്കപ്പെട്ടു. ഈ രോഗത്തിന് അത്ഭുതപരിഹാരങ്ങളൊന്നുമില്ലെന്ന നിഗമനത്തിൽ എല്ലാവരും എത്തിച്ചേർന്നു.'

(22 ജൂൺ, 1984)

# 13. യുവജനങ്ങൾക്ക് സ്വപ്നങ്ങൾ

ഇന്നത്തെ ലോകത്തിൽ ഏററവും സമ്പന്നവും ശക്തവുമായ രാഷ്ട്രം അമേരിക്കൻ ഐക്യനാടുകളത്രെ. അടുത്ത നാലു വർഷത്തേക്ക് ആ രാഷ്ട്രത്തിന്റെയും, അതുവഴി മനുഷ്യവർഗത്തിന്റെതന്നെയും, ഭാഗധേയം നിയന്ത്രിക്കേണ്ടത് ആർ എന്നതാണ് നവംബറിൽ അവിടെ നടക്കാനിരിക്കുന്ന പ്രസിഡണ്ട് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ അന്തർഭവിച്ച പ്രശ്നം. ഈ തെരഞ്ഞെടുപ്പിൽ എല്ലാ മനുഷ്യർക്കും താല്പര്യമുണ്ടാവുകയെന്നതു സ്വാഭാവികം മാത്രമാണ്.

അമേരിക്കൻ രാഷ്ട്രീയരംഗം അടക്കിവാഴുന്നതു്, സിദ്ധാന്തപരമായി വലിയ വ്യത്യാസമൊന്നുമില്ലാത്ത രണ്ടു പാർട്ടികളാകുന്നു. ഇവയിൽ, റിപ്പബ്ലിക്കൻപാർട്ടിയുടെ പ്രസിഡണ്ടു സ്ഥാനാർത്ഥി ഇപ്പോഴത്തെ പ്രസിഡണ്ട് മി. റെയ്ഗൻതന്നെ. മി. റെയ്ഗൻ തെരഞ്ഞെടുപ്പിൽ ജയിക്കുന്നപക്ഷം, അമേരിക്കൻഗവണ്മെൻറിന്റെ ഇന്നത്തെ നയപരിപാടികരം അടുത്ത നാലു വർഷത്തേക്കുകൂടി തുടരുകയാവും, അതിന്റെ അനിവാര്യഫലം.

ഈ നയപരിപാടികളിൽ എന്തെങ്കിലും മാററമുണ്ടാവണമെങ്കിൽ, തെരഞ്ഞെടുപ്പിൽ മി. റെയ്ഗനെ തോല്പിച്ച്, ഡെമോക്രാററിക്പാർട്ടിയുടെ സ്ഥാനാർത്ഥി അടുത്ത പ്രസിഡണ്ട് ആവണം. ജൂലൈ മൂന്നാം ആഴ്ചയിൽ സാൻഫ്രാൻസിസ്കോയിൽ ചേർന്ന ഡെമോക്രാററിക് പാർട്ടിയുടെ ദേശീയ കൺവൻഷൻ, പ്രസിഡണ്ട്സ്ഥാനത്തേക്കുള്ള സ്ഥാനാർത്ഥിയായി മി. വാരംട്ടർ എഫ്. മൊൺഡെയിലിനെ നിർദേശിക്കുകയും